"ഭരണഭാഷ - മാതൃഭാഷ"

**അടിയന്തിരം**

നം. ICDS/A7-5444/17

സാമൂഹ്യനീതി ഡയറക്ടറേറ്റ് (അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര, തിരുവനന്തപുരം,
ഫോൺ: 0471-2346508, ഫാക്സ്: 0471- 2346534
ഇ-മെയിൽ: swdicds@gmail.com
തീയതി: 09.11.2017

സാമൂഹ്യനീതി ഡയറക്ടർ

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി- 2016-17 സാമ്പത്തിക വർഷം 4235-02-102-96(P), 4235-02-102-91(P), ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള അങ്കണവാടി കെട്ടിട നിർമ്മാണം - നവീകരണം - സംബന്ധിച്ച്.

സൂചന:
1) 18/03/2017 തീയതിയിലെ ICDS-A7/3187/16 നമ്പർ ഉത്തരവ്
2) 20/03/2017 തീയതിയിലെ ICDS-A7/30710/13 നമ്പർ ഉത്തരവ്
3) 14/08/2017 തീയതിയിലെ ICDS-A7/3187/16 നമ്പർ കത്ത്

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1), (2) പ്രകാരം 2016-17 സാമ്പത്തിക വർഷം അങ്കണവാടി കെട്ടിട നിർമ്മാണം - നവീകരണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ടി പദ്ധതി ശീർഷകങ്ങളിലുൾപ്പെടുത്തിയ അങ്കണവാടി കെട്ടിട നിർമ്മാണം - നവീകരണം നടത്തുന്നതിന് യൂണിറ്റ് കോസ്റ്റിന്റെ 40% ബന്ധപ്പെട്ട LSGD, PWD എക്സിക്യൂട്ടീവ് എഞ്ചിനിയർക്ക് സൂചന (3) കത്തിലെ നിർദ്ദേശ പ്രകാരം നൽകുന്ന മുറക്ക് കെട്ടിട നിർമ്മാണം - നവീകരണം ആരംഭിക്കുന്നതാണ്.

എന്നാൽ ഉത്തരവ് ലഭ്യമാകുന്നതിനു മുമ്പേ ചില LSGD കൾ അവരുടെ ഫണ്ട് വിനിയോഗിച്ച് പ്രസ്തുത പ്രവർത്തികൾ ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ LSGD വിഹിതം PWD യ്ക്ക് കൈമാറാൻ സാധിക്കില്ലായെന്നും ആയതിനാൽ വകുപ്പ് വിഹിതം (60%) തുക അനുവദിക്കണമെന്നും LSGD കൾ അപേക്ഷിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ടി വിഷയം സംബന്ധിച്ച ചുവടെ ചേർക്കുന്ന വിവരങ്ങൾ കൂടി ഉൾപ്പെടുത്തി റിപ്പോർട്ട് ബന്ധപ്പെട്ട CDPO മാരിൽ നിന്നും വാങ്ങി ക്രോഡീകരിച്ച് 20/11/2017 ന് മുമ്പ് ഈ കാര്യാലയത്തിൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുന്നു.

**ഉൾപ്പെടുത്തേണ്ട വിവരങ്ങൾ**

1. സൂചന (1), (2) പ്രകാരം നിർമ്മാണം - നവീകരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുള്ളവയിൽ, LSGD കൾ ആരംഭിച്ചിട്ടുള്ളതും, പൂർത്തീകരിച്ചിട്ടുള്ളതുമായ അങ്കണവാടി സംബന്ധിച്ച വിവരം.
2. ഇത്തരത്തിൽ നടത്തിയ പ്രവർത്തികളുടെ Actual Expenditure സംബന്ധിച്ച വിവരം. (LSGD AE മുഖാന്തിരം). കൂടാതെ LSGD തീരുമാനവും ലഭ്യമാക്കണം.
3. Completion Certificate
4. ഇത്തരത്തിൽ നിർമ്മാണം - നവീകരണം നടത്തിയിട്ടുള്ള അങ്കണവാടികളുടെ ഫണ്ട് പകരം മറ്റ് അങ്കണവാടികൾക്ക് മാറ്റി അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്.
5. ഉത്തരവ് ലഭ്യമായതിന് ശേഷം ഇത്തരത്തിൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോയെന്ന് CDPO ഉറപ്പ് വരുത്തേണ്ടതാണ്. അത്തരത്തിലുള്ളത് പ്രത്യേകം രേഖപ്പെടുത്തണം.
6. നിർമ്മാണം - നവീകരണം പ്രത്യേകം പ്രത്യേകമായി നൽകേണ്ടതാണ്.

വിശ്വസ്തതയോടെ,

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി

SSC/13.11.2017